# കിനാലൂർ കേരളത്തിലെ നന്ദിഗ്രാമോ?

ഭരണകൂടത്തിന്റെ വികസന സിദ്ധാന്തങ്ങൾ ജനതയുടെ ജീവിത യാഥാർത്ഥ്യങ്ങളുമായി നേരിട്ട് ഏറ്റുമുട്ടുകയായിരുന്നു കിനാലൂരിൽ ചെയ്തത്. സ്വകാര്യഭൂമാഫിയക്ക് വേണ്ടി വികസനത്തിന്റെ പൊയ്മുഖമണിഞ്ഞ് ഭരണകൂടമെത്തിയപ്പോൾ ആ ജനത സ്വന്തം ഇടനെഞ്ച് കൊണ്ട് ചെറുത്തു. രക്തം വീണ് ചുവന്ന കിനാലൂരിലെ മണ്ണ് വികസനത്തിന്റെ പേരിൽ കുടിയൊഴിപ്പിക്കപ്പെടുന്നതിനെതിരെ നടക്കുന്ന മുഴുവൻ പ്രക്ഷോഭങ്ങൾക്കുമുള്ള ഇന്ധനമാണ്. പശ്ചിമ ബംഗാളിലെ നന്ദിഗ്രാമിലും ഇതേ വികസന സിദ്ധാന്തമാണ് തോക്കുമായെത്തി കർഷകരെ വെടിവെച്ചു കൊന്നത്.

അന്തിയുറങ്ങേണ്ട ഭൂമി സ്വകാര്യ ഭൂമാഫിയകളുടെ മുന്നിൽ അടിയറ വെക്കാൻ കിനാലൂരിലെ ജനത തയ്യാറായിരുന്നില്ല. ജനങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ കഴിയാതിരുന്നത് കൊണ്ടാണ് ഭൂമാഫിയയുടെ ദല്ലാളുകളായ ഭരണകൂടം അവിടേക്ക് പോലീസിനെ പറഞ്ഞ് വിട്ടത്.

കിനാലൂരിൽ 270 ഏക്കർ സ്ഥലത്ത് മലേഷ്യൻ കമ്പനിയുടെ ഉപഗ്രഹ നഗരം വരുന്നെന്നാണ് ആദ്യം മന്ത്രി എളമരം കരീം പറഞ്ഞത്. 2008 മാർച്ച് 10ഓടെ തന്നെ സാറ്റലൈറ്റ് പ്രൊജക്ട് നടപ്പാകില്ലെന്ന് മന്ത്രിക്ക് ഉറപ്പ് ലഭിച്ചെങ്കിലും അവിടെ പദ്ധതി നടപ്പാക്കുമെന്ന് പ്രചരിപ്പിക്കപ്പെട്ടു. പിന്നീട് അവിടെ വ്യവസായ പാർക്ക് വരുമെന്നാണ് മന്ത്രി പറഞ്ഞത്. എന്നാൽ വ്യവസായ പാർക്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന നിയമസഭയിലെ ചോദ്യത്തിന് ഒരു ചെരുപ്പ് കമ്പനിയെന്ന് മന്ത്രി പറയുകയും ചെയ്തു. അഥവാ നേരത്തെ ഉപഗ്രഹ പദ്ധതി ആസൂത്രണം ചെയ്ത കിനാലൂരിലെ കെ എസ് ഐ ഡി സിയുടെ 270 ഏക്കർ സ്ഥലത്ത് ഇപ്പോൾ വരാൻ പോകുന്നത് ചെരുപ്പ് കമ്പനിയെന്നർഥം.

എന്നാൽ അതേസമയം തന്നെ പഴയ ഉപഗ്രഹ പദ്ധതിയുടെ പേരിൽ കോഴിക്കോട്കിനാലൂർ പാതക്ക് വേണ്ടി ഭരണകൂടം പ്രവർത്തനം തുടങ്ങിയിരുന്നു. 30 മീറ്റർ വീതിയിലായിരുന്നു റോഡ് നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കപ്പെട്ടു. അതിനായി സാധ്യതാ പഠനം നടത്തിയവർ കൃത്യമായി റിപ്പോർട്ട് നൽകി. തുടർന്ന് സർവ്വെ നടത്താനും തീരുമാനമാവുകയായിരുന്നു. കേവലമൊരു ചെരുപ്പ് കമ്പനിക്ക് വേണ്ടിയെന്തിനാണ് 300 കുടുംബങ്ങളെ പെരുവഴിയിലാക്കി, ഏക്കറുകളോളം സ്ഥലം മണ്ണിട്ട് നികത്തി റോഡ് നിർമ്മിക്കുന്നതെന്ന് ചോദ്യമുയർന്നു. ഈ ചോദ്യത്തിന്റെ ഉത്തരം തേടുമ്പോഴാണ്, നേരത്തെ ഉപഗ്ര പദ്ധതി ഉൾപ്പെടെയുള്ള ചില പ്രചാരണത്തിന്റെയും പ്രദേശത്ത് നടന്ന ഭൂമി കച്ചവടത്തിന്റെയും ചുരുളഴിയുക.കിനാലൂരിൽ വൻ പദ്ധതി വരുന്നുവെന്ന പേരിൽ പ്രദേശത്ത് വൻകിട ഭൂമാഫിയകൾ ഭൂമി വാങ്ങിക്കൂട്ടിയിരുന്നു. ഇതിൽ പ്രദേശത്തെ പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളും അടുത്തിടെ ഒരു രാഷ്ട്രീയ പാർട്ടിയുടെ ഫണ്ടിങുമായി ബന്ധപ്പെട്ട് വിവാദ നായകനായ വ്യവസായിയുമുണ്ട്. ഇവരുടെ ഭൂമിക്ക് വില ലഭിക്കാനും അതുവഴി രാഷ്ട്രീയ നേതൃത്വത്തിന് ലാഭം കൊയ്യാനുമാണ് കിനാലൂരിൽ ഇപ്പോൾ നടക്കുന്ന റോഡ് വികസനമെന്നാണ് സമരക്കാരുടെ ആരോപണം.




ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഉയരുന്ന ചോദ്യങ്ങൾ ഇവയാണ്.

**1. കേവലമൊരു ചെരുപ്പ് കമ്പനിക്ക് വേണ്ടി എന്തിന് നാലുവരി പ്പാത?.**

**2. ഇതിനായി രാജ്യത്തെ പ്രമുഖ വ്യാവസായിക മേഖലയിലേക്ക് പോലുമില്ലാത്ത തരത്തിൽ 30 മീറ്റർ വീതിയിൽ റോഡ് എന്തിന്?.**

**3. ഒരുപാട് വീടുകളും കണ്ണായ സ്ഥലങ്ങളും പിടിച്ചെടുത്ത് കൊണ്ട് എന്തിന് ഇങ്ങിനെ അത്യാവശ്യമില്ലാത്ത ഒരു റോഡ്?.**

**4. പ്രദേശത്തെ ജനങ്ങളുമായി നടത്തിയ ചർച്ചയിൽ ഉയർന്നു വന്ന ബദൽ റോഡിനെക്കുറിച്ച് സർക്കാർ ആലോചിക്കുക പോലും ചെയ്യാതിരുന്നത് എന്ത്കൊണ്ട്?.**

പ്രദേശത്ത് ചെരുപ്പ് കമ്പനി വന്നാൽ ഒട്ടേറെ പേർക്ക് തൊഴിൽ ലഭിക്കുമെന്ന് മന്ത്രി എളമരം കരീം ഒരിക്കൽ പൊതു യോഗത്തിൽ വെച്ച് വാഗ്ദാനം ചെയ്യുകയുണ്ടായി. എന്നാൽ ഇത്തരം വെറും വാക്കുകളെ പ്രബുദ്ധരായ കിനാലൂരിലെ ജനത തള്ളിക്കളയുകയായിരുന്നു. കോടികളുടെ ഭൂമി കയ്യടക്കി വെച്ച മാഫിയകൾക്ക് വേണ്ടി സർക്കാർ എന്തിനും തയ്യാറാകുമെന്ന് കിനാലൂരിലെ ജനത തിരിച്ചറിഞ്ഞിരുന്നു. കാരണം അവിടെ മാഫിയ മുടക്കിയ പണം അവർക്ക് ആയിരങ്ങളുടെ പതിൻമടങ്ങായി തിരിച്ച് ലഭിക്കേണ്ടതുണ്ടായിരുന്നു. അത് തിരിച്ചറിഞ്ഞാണ് അവർ ജനജാഗ്രത സിമിതിയുണ്ടാക്കി ചെറുക്കാൻ തീരുമാനിച്ചത്. റോഡ് സർവ്വെക്കായി ഏപ്രിലിൽ സ്ഥലത്തെത്തിയ ഉദ്യോഗസ്ഥ സംഘത്തെ നാട്ടുകാർ തടഞ്ഞ് തിരിച്ചയക്കുകയായിരുന്നു. ഇതെത്തുടർന്നാണ് പോലീസ് സർവ്വസജ്ജരായി പ്രദേശത്ത് ക്യാമ്പ് ചെയ്തത്.

(കടപ്പാട്-കേരള ഫ്‌ളാഷ് ന്യൂസ്)